# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 579 — 29.11.2018 -ൽ മറുപടിക്ക്

## വാണിജ്യ മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | ചെറുകിട അസംഘടിത മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങളുടെ വിദേശ വിപണനം ലക്ഷ്യമിട്ട് വാണിജ്യ മിഷൻ രൂപീകരിക്കുവാൻ വ്യവസായ വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ) | 2018-ലെ വ്യവസായ വാണിജ്യ നയത്തിലെ ഖണ്ഡിക 15–ൽ വാണിജ്യ മിഷൻ രൂപീകരിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ പ്രധാന ഉദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>• സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.<br>• ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.<br>• കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർ ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക, ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ് ബന്ധം സ്ഥാപിക്കുക.<br>• ദേശീയ അന്തർ ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉത്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.<br>• ഭക്ഷ്യ സംസ്കരണം, കൈത്തറി, വസ്ത്രം കരകൗശലസാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉത്പന്നങ്ങൾ, കേരള സോപ്പ്സ് എന്നിവയുടെ വിപണനം പ്രമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിനും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | • പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.<br>• വിദേശ നിക്ഷേപകർക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.<br>• വാണിജ്യ മേഖലയിലെ വൈദ്യുതി ഉപയോഗത്തിന്റെ നിലവിലെ നിരക്കുകൾ സർക്കാർ പുനഃപരിശോധിക്കും .<br>• മൊത്ത വ്യാപാരികൾക്കും, ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കും.<br>• വാണിജ്യ സേവനമേഖലയുടെ വളർച്ചക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കും . |
| ബ) | കൈത്തറി, ആയുർവേദം, കരകൗശലം, ഭക്ഷ്യ സംസ്കരണം തുടങ്ങിയവയ്ക്ക് യൂറോപ്യൻ രാജ്യങ്ങളിലുണ്ടായിട്ടുള്ള വമ്പിച്ച ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിദേശ വിപണി സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | ഇല്ല . |
| സ) | വാണിജ്യ മിഷൻ രൂപീകരിക്കുന്നതിലൂടെ ചെറുകിട അസംഘടിത മേഖലയിൽ നിലനിൽക്കുന്ന സ്തംഭനാവസ്ഥ പരിഹരിക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | സി) | വാണിജ്യ മിഷൻ രൂപീകരിക്കുന്നതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുവാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ